"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.345/2025/Co-Op തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:-

1. 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം
2. സഹകരണ സംഘം രജിസ്ട്രാറുടെ 25/06/2025 ലെ ആർ.സി.എസ് /5101/2025പി &എം ബി(2) നം. കത്ത്.
3. ഇ.അനുമതി നം AS/COP/25/44011

**ഉത്തരവ്**

സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള 14 ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ചുവടെ വിവരിക്കും പ്രകാരം തുക അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരാമർശം (1) ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|---|
| 1. | ഡെസ്ക്ടോപ്പ്/ലാപ്ടോപ്പ് (Medium end Ubundu with Intel processor) | 330 | 38,741/- | 1,27,84,530/- |
| 2. | പ്രിന്റർ (A3 network MFP medium level) | 50 | 52,647/- | 26,32,350/- |
| 3. | സ്കാനർ (A4 Sheetfed Scanner | 30 | 22,476/- | 6,74,280/- |
| | | | | |

| | | | | |
|---|---|---|---|---|
| 4. | സഹകരണ ഇലക്ഷൻ കമ്മീഷന്റെ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന് സി-ഡിറ്റിന് അനുവദിക്കേണ്ട തുക. | | 29,07,133/- | 29,07,133/- |
| 5. | വാർഷിക മെയിന്റനൻസിനും, ടെക്നിക്കൽ സപ്പോർട്ടിനുമായി സി-ഡിറ്റിന് അനുവദിക്കേണ്ട തുക. | | 89,000/- | 89,000/- |
| 6. | ഐ.സി.ഡി.എം.എസ്. പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ചെലവാകുന്ന തുക | | 20,00,000/- | 20,00,000/- |
| 7. | സഹകരണ വകുപ്പിന്റെ വെബ് സൈറ്റ് ദ്വിഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് സി-ഡിറ്റിന് അനുവദിക്കേണ്ട തുക. | | 3,00,000/- | 3,00,000/- |
| 8. | സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ തുക. | | 5,00,000/- | 5,00,000/- |
| 9. | CIMA ഇൻസ്പെക്ഷൻ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് ചെലവാകുന്ന തുക | | 10,00,000/- | 10,00,000/- |
| 10. | മെമ്പർ റിലീഫ് ഫണ്ട് വെബ് സൈറ്റ് നിർമ്മിക്കുന്നതിന് ചെലവാകുന്ന തുക | | 6,00,000/- | 6,00,000/- |
| 11. | Annual maintenance contract ഇനത്തിന് ആവശ്യമായി വരുന്ന തുക | | 19,00,000/- | 19,00,000/- |
| 12. | BSNL Leased line/KFON കണക്ഷൻ ലഭ്യമാക്കുന്നതിന് ചെലവാകുന്ന തുക | | 12,73,203/- | 12,73,203/- |
| 13. | ആഫീസ് നെറ്റ് വർക്കിംഗ്, ഐ.റ്റി. അനുബന്ധ അടിസ്ഥാന സൗകര്യ വികസനത്തിനും, പരിശീലനത്തിനും ചെലവാകുന്ന തുക. | | 8,39,504/- | 8,39,504/- |
| | **ആകെ** | | | 2,75,00,000/- |

2025-26 സാമ്പത്തികവർഷത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 275.00 ലക്ഷം രൂപ (ഇരുന്നൂറ്റി എഴുപത്തഞ്ച് ലക്ഷം രൂപ മാത്രം) 2425-001-91-99 സബ്സിഡി (വിവരസാങ്കേതിക വിദ്യ) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതിയും റിലീസ് അനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും **13/05/2025** ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി **275.00** ലക്ഷം രൂപ (ഇരുന്നൂറ്റി എഴുപത്തഞ്ച് ലക്ഷം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ **2425-001-91-99** സബ്സിഡി (വിവരസാങ്കേതിക വിദ്യ) ശീർഷകത്തിൽ നിന്നും മുൻ ഖണ്ഡികയിൽ വിവരിക്കും പ്രകാരം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/125/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 18-07-2025 16:19:02

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.